**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 627** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ എത്ര പദ്ധതികൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത് എന്ന് വിശദമാക്കാമോ; | (എ) | **ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ 1084 പദ്ധതികൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.** |
| (ബി) | ഇതിന്റെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | പദ്ധതിയുടെ കോതമംഗലം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള ലക്ഷ്യം താഴെ ചേർക്കുന്നു. |

| No | Name of Panchayath | Target(Nos) |
|---|---|---|
| 1 | Pothanicad | 46 |
| 2 | Paingottoor | 70 |
| 3 | Kavalangad | 134 |
| 4 | Pallarimangalam | 67 |
| 5 | Kottappady | 81 |
| 6 | Pindimana | 75 |
| 7 | Nellikuzhy | 186 |
| 8 | Keerampara | 56 |
| 9 | Varappetty | 84 |
| 10 | Kuttampuzha | 110 |
| 11 | Kothamangalam Municipality | 175 |

| | | | |
|---|---|---|---|
| (സി) | ഇതിൽ എത്ര പദ്ധതികൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ടെന്നും ഇനി എത്ര പദ്ധതികളാണ് ആരംഭിക്കുവാൻ ബാക്കിയുള്ളതെന്നും അത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ 955 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും 129 സംരംഭങ്ങൾ ആരംഭിക്കുവാനുണ്ട്. ആയത് മാർച്ച് 31 നകം പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ | (ഡി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി |

| | | | |
|---|---|---|---|
| | കൂടുതൽ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | കോതമംഗലം മണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിലേക്കായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ഇന്റേൺസിനെ നിയമിച്ചു,. രജിസ്ട്രേഷൻ, ലൈസൻസ് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു. സംരംഭകർക്ക് വ്യവസായ വകുപ്പ്, മറ്റു ഡിപ്പാർട്ട്മെന്റുകൾ ഉൾപ്പെടെയുള്ളവയുടെ പദ്ധതികൾ വിശദീകരിച്ചുകൊണ്ടുള്ള General Orientation Programmes, Loan/subsidy മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് പുതുതായി ആവിഷ്കരിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയിലുള്ള വായ്പാ പദ്ധതികളെ കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. അതോടൊപ്പം സംരംഭകർക്ക് ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ Help Desk പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | കോതമംഗലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിലേക്കായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ഇന്റേൺസിനെ നിയമിച്ചു,. രജിസ്ട്രേഷൻ, ലൈസൻസ് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു. സംരംഭകർക്ക് വ്യവസായ വകുപ്പ്, മറ്റു ഡിപ്പാർട്ട്മെന്റുകൾ ഉൾപ്പെടെയുള്ളവയുടെ പദ്ധതികൾ വിശദീകരിച്ചുകൊണ്ടുള്ള General Orientation Programmes, Loan/subsidy മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് പുതുതായി ആവിഷ്കരിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയിലുള്ള വായ്പാ പദ്ധതികളെ കുറിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. അതോടൊപ്പം സംരംഭകർക്ക് ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ Help Desk പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ